**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3326** **15-02-2024 - ൽ മറുപടിയ്ക്ക്**

**സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ റോഡ് ഗതാഗതം സുഗമമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് മുഖേന സംസ്ഥാനത്തെ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിലാണ് നഗരപാത വികസന പദ്ധതി നടപ്പാക്കുന്നത്. ഇവയിൽ തിരുവനന്തപുരത്തും കോഴിക്കോട്ടും പണി പൂർത്തീകരിച്ചതിന് ശേഷം പരിപാലനഘട്ടത്തിലാണ്. കൂടാതെ കണ്ണൂരും കൊല്ലവും ആലപ്പുഴയും കോഴിക്കോട്ടുള്ള മാനാഞ്ചിറ – വെള്ളിമാട്കുന്ന്, ചെറുവണ്ണൂർ - അരീക്കോട് ഫ്ലൈ ഓവർ എന്നീ നഗര പദ്ധതികളാണ് കെ.ആർ.എഫ്.ബി. യുടെ കീഴിലുള്ളത്.<br><br>**<u>1. കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം I (ബി) - മാനാഞ്ചിറ – വെള്ളിമാട്ടുകുന്ന് റോഡ്</u>**<br><br>10.10.2023 -ലെ G.O.(Rt)No.1333/2023/PWD പ്രകാരം ടി. പദ്ധതിക്ക് 131.21 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി സംബന്ധിച്ച് സർക്കാർ പരിശോധിച്ച് വരുന്നു. ഈ പദ്ധതിയ്ക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചു.<br><br>**<u>2. കോഴിക്കോട് നഗര പാത വികസന പദ്ധതി - ചെറുവണ്ണൂർ - അരീക്കോട് മേൽപ്പാലം</u>**<br><br>06.06.2022 -ലെ G.O.(Rt)No.613/2022/PWD പ്രകാരം കോഴിക്കോട് നഗരപാത വികസന പദ്ധതി രണ്ടാം ഘട്ടത്തിലുൾപ്പെട്ട ചെറുവണ്ണൂര്, അരീക്കോട് മേൽപ്പാല നിർമ്മാണത്തിന് 255.62 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പദ്ധതി DBFOT – Annuity Mode -ൽ 1.70 കി.മീ. മേൽപ്പാല നിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>**<u>3. കണ്ണൂർ നഗര പാത വികസന പദ്ധതി</u>**<br><br>കണ്ണൂർ നഗര പാത വികസന പദ്ധതിയ്ക്ക് 03.08.2017 ലെ G.O.(Rt)No. 1159/2017/PWD പ്രകാരം 401.467 കോടി രൂപയ്ക്ക് (ഭൂമി ഏറ്റെടുക്കുന്നതിന് ഒഴികെ) 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. |

ആകെ 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 11 കോറിഡോറുകളിൽ കോറിഡോർ നം. 9,10,11 (ഫേസ് -1) എന്നിവ ഒഴിച്ച് ബാക്കി എല്ലാ കോറിഡോറുകളും ഭൂമി ഏറ്റെടുത്താണ് റോഡ് നവീകരിക്കുന്നത്. നിലവിൽ ഭൂമി ഏറ്റെടുക്കേണ്ടതായ 8 കോറിഡോറുകളിൽ (ഫേസ്-2, കോറിഡോർ 01,03,08,12), (ഫേസ്-3, കോറിഡോർ 02,04,05,07) ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 30.12.2023 -ലെ G.O.(Rt)No. 1645/2023/PWD പ്രകാരം കണ്ണൂർ നഗര പാത വികസന പദ്ധതി ഘട്ടം 1-ന് 16.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

**4.ആലപ്പുഴ നഗരപാത വികസന പദ്ധതി - മുപ്പാലം ജംഗ്ഷൻ വികസനം**

G.O.(Rt)No.1389/2019/PWD dated 27.11.2019 പ്രകാരം മുപ്പാലം ജംഗ്ഷൻ വികസനത്തിനായി 17.44 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി പുരോഗമിച്ച് വരുന്നു.

**5. ആലപ്പുഴ നഗരപാത വികസന പദ്ധതി - ഘട്ടം - 1**

G.O.(Rt)No.626/2022/PWD തീയതി 08.06.2022 പ്രകാരം ആലപ്പുഴ നഗര പാത വികസന പദ്ധതി ഒന്നാം ഘട്ടത്തിനായി 59.67 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പദ്ധതി പുരോഗമിച്ച് വരുന്നു.

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കൊല്ലം ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(ബി) കൊല്ലം നഗര പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | റോഡിന്റെ പേര് | നീളം | ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ ഏരിയ (ഹെക്ടറിൽ) |
|---|---|---|---|
| 1. | മേവറം - കാവനാട് (പഴയ എൻ.എച്ച്) | 13.15 കി.മീ. | 5.73 |
| 2. | റെയിൽവേ സ്റ്റേഷൻ - ഡീസന്റ് ജംഗ്ഷൻ | 6.30 കി.മീ. | 1.006 |
| 3. | തിരുമുല്ലാവാരം - കല്ലുപാലം - കച്ചേരി ജംഗ്ഷൻ | 4.31 കി.മീ. | 1.605 |
| | ആകെ | 23.76 കി.മീ. | 8.341 |

കൊല്ലം നഗരപാത വികസന പദ്ധതിയുടെ നടത്തിപ്പിനായി G.O.(Rt)No.74/2022/PWD തീയതി 22.01.2022 പ്രകാരം 365.34 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 8.341 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 435,65,03,647/- (നാന്നൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി

| | | | |
|---|---|---|---|
| | | | നാൽപ്പത്തി ഏഴ് രൂപ മാത്രം) ഏകദേശ കമ്പോള വിലയും, 50 ലക്ഷം രൂപ കണ്ടിൻജൻസി ചാർജിനത്തിലും കണക്കാക്കിയിരിക്കുന്നു. കണ്ടിൻജൻസി ചാർജായ അമ്പത് ലക്ഷം രൂപ അനുവദിക്കുന്നതും ലാസ്റ്റ് അക്വിസിഷൻ തുകയായ 435,65,03,647/- (നാന്നൂറ്റി മുപ്പത്തി അഞ്ച് കോടി അറുപത്തി അഞ്ച് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകുന്നതും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ